പഞ്ചായത്തിന് അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും നിർണ്ണയിക്കപ്പെട്ട രീതിയിൽ വാട്ടർ ചാർജ്ജ് ഈടാക്കാവുന്നതുമാണ്.

പഞ്ചായത്തുകളുടെ പരിധികൾക്കുള്ളിൽ വരുന്ന ചെറുകിട ജലസേചന പദ്ധതികളുടെയും പെറ്റി ഇറിഗേഷൻ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരം അതാതു പഞ്ചായത്തുകൾ തന്നെ ഏറ്റെടുത്തു നടത്തിവരുന്നു. ഇപ്പോൾ വെള്ളക്കരം 1994 ലെ ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ അമെന്റ്മെന്റ് ആക്ടിലെ നിയമപ്രകാരവും 1950 ലെ മലബാർ ഇറിഗേഷൻ വർക്കു നിയമങ്ങളുടെ 1974 ലുള്ള അമെന്റ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും റവന്യൂ ഡിപ്പാർട്ടുമെന്റ് ചുമത്തി വരുന്നു.

**21 (*347) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുമതി**

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ഗവണ്മെന്റിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ഇതിൽ എത്രയെണ്ണത്തിന് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി എന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഉൽപ്പാദനത്തിനായി ഗവണ്മെന്റ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലാ പഞ്ചായത്തുകൾ.

(സി) മേൽപ്പറഞ്ഞ നാല് ജില്ലാ പഞ്ചായത്തുകൾക്കും ഓരോ ചെറുകിട ജലവൈദ്യുത പദ്ധതി വീതം തുടങ്ങുന്നതിന് വൈദ്യുതി ബോർഡ് അനുമതി നൽകിയിട്ടുണ്ട്. വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ബോർഡുമായി ചർച്ച ചെയ്തു വരികയാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും മറ്റും വൈദ്യുതി ബോർഡ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly